TB Movie Panel Weekly Review

**#moviepanel**

രോമാഞ്ചം

അടുത്ത കാലത്ത് കണ്ടതിൽ ഏറ്റവും മികച്ച ഒരു തിയേറ്ററിക്കൽ എക്സ്പീരിയൻസ് സമ്മാനിച്ച സിനിമയായിരുന്നു രോമാഞ്ചം. കേരളത്തിന് പുറത്ത് ഇതു പോലെയൊരു ജീവിതത്തിലൂടെ കടന്നു പോയ എനിക്ക് മറ്റു പലരേക്കാൾ വേഗം ഈ സിനിമ കണക്റ്റ് ആയി എന്നതാണ് സത്യം. പടം തുടങ്ങി ഏതാനും മിനിറ്റുകൾക്കുള്ളിൽ നിങ്ങൾക്ക് ഈ സിനിമയുടെ വൈബിലേക്ക് എത്താൻ കഴിഞ്ഞാൽ പിന്നെ ഉടനെയൊന്നും ഇതു തീർന്നു പോകരുതേ എന്ന് ആഗ്രഹിച്ചു പോകും..

ബാംഗ്ലൂരിന്റ പ്രാന്ത പ്രദേശത്തു മലയാളികളായ 7 ബാച്ചിലേഴ്സ് ചേർന്ന് ഒരു വീടെടുത്തു താമസിക്കുന്നു. അവരുടെ ജീവിതം ഒരു ഹൊററർ കോമഡി ട്രാക്കിൽ പറഞ്ഞു പോകുന്ന കഥയിൽ സിറ്റുവേഷണൽ കോമഡീസിലൂടെയാണ് ഓരോ കഥാപാത്രങ്ങളും നമ്മളെ രസിപ്പിക്കുന്നത്. പറയുമ്പോൾ നായകൻ സൗബിൻ ആണെങ്കിലും ഇതിൽ 7+1 എട്ടു പേർക്കും ഒരു പോലെ പ്രാധാന്യവും സ്ക്രീൻ പ്രസൻസും ഈ സിനിമയിൽ ഉണ്ട്. ഒതളങ്ങ തുരുത്തിലെ (നത്ത്) അബിൻ ബിനോ, ജാനേ മൻ (സജിയേട്ടൻ) ചുരുളി എന്നിവയിലൂടെ ശ്രദ്ധേയനായ സജിൻ ഗോപു, റീൽസ് കളിലൂടെ ശ്രദ്ധേയനായ സിജു സണ്ണി അങ്ങനെ എടുത്തു പറയാൻ പാകത്തിൽ വളർന്നു വരുന്ന കുറച്ചു താരങ്ങൾ ഈ സിനിമയിൽ ഉണ്ട്.

ഏതാനും മാസങ്ങളായി സോഷ്യൽ മീഡിയയിൽ ഈ സിനിമയിലെ ഗാനമായ , " നിങ്ങൾക്ക് ആദരാഞ്ജലി നേരട്ടെ" വൈറൽ ആയിരുന്നു. Sushin Shyam ന്റ സംഗീതം ഈ സിനിമയുടെ വലിയൊരു പ്ലസ് പോയിന്റ് ആയി മാറിയട്ടുണ്ട്.

ഗപ്പി, അമ്പിളി സിനിമകൾ സംവിധാനം ചെയ്ത ജോൺ പോൾ ജോർജ് ഒരു നിർമ്മാതാവായിട്ടാണ് ഈ സിനിമയിൽ എത്തുന്നത്. ഗപ്പി എന്ന സിനിമയിൽ തന്റെ അസിസ്റ്റന്റ് ആയിരുന്ന ജിത്തു മാധവനെയാണ് അദ്ദേഹം ഈ സിനിമയിലൂടെ സ്വാതന്ത്ര്യ സംവിധായകനാക്കി മാറ്റിയത്.

ആദ്യവസാനം പൊട്ടിച്ചിരിപ്പിക്കുന്ന ഈ സിനിമക്ക് രണ്ടാം ഭാഗം ഉണ്ട് എന്ന സൂചനയുമായിട്ടാണ് സിനിമ അവസാനിക്കുന്നത്.

ഇത് നിങ്ങൾ തീയേറ്ററിൽ നിറഞ്ഞ സദസ്സിൽ ആസ്വദിക്കേണ്ട ഒരു സിനിമയാണ്...